"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല - പത്ത് അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും ടി തസ്തികകളിലേക്ക് അന്തർ സർവ്വകലാശാല മാറ്റം വഴിയോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ജീവനക്കാരെ പുനർവിന്യസിക്കുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.452/2025/HEDN തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:-

1. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലാ വൈസ് ചാൻസലറുടെ 03.10.2023, 24.01.2024 തീയതികളിലെ 989/2023/എ.എ.ഒ നമ്പർ കത്തുകൾ.
2. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലാ രജിസ്ട്രാറുടെ 29.03.2025 ലെ 759/ബി-2/2024/അഡ്മിൻ നമ്പർ കത്ത്.

**ഉത്തരവ്**

2012-ൽ സ്ഥാപിതമായ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ അനധ്യാപക വിഭാഗത്തിൽ നിലവിൽ ഒരു സ്ഥിരം ജീവനക്കാരി മാത്രമാണ് ഉള്ളതെന്നും അടിയന്തിരാവശ്യാർത്ഥം ചട്ടപ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള മിനിമം ജീവനക്കാരെ ഉപയോഗിച്ചാണ് സർവ്വകലാശാലയിലെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതെന്നും സർവകലാശാല നാക് അക്രഡിറ്റേഷൻ നടപടിയിലേക്ക് പ്രവേശിക്കുന്ന സാഹചര്യത്തിൽ ഭരണവിഭാഗത്തിൽ സ്ഥിരം ജീവനക്കാരില്ല എന്നത് സർവകലാശാലയുടെ നടത്തിപ്പിൽ ഗുരുതരമായ പ്രതിസന്ധികൾക്ക് ഇടയാക്കുന്നുണ്ട് എന്നും സൂചനയിലെ കത്തുമുഖേന വൈസ് ചാൻസലർ അറിയിച്ചു. ഏറ്റവും ചുരുങ്ങിയത് 10 സ്ഥിരം ജീവനക്കാരുടെയെങ്കിലും തസ്തികകൾ സൃഷ്ടിച്ച്, ഡെപ്യൂട്ടേഷനിലൂടെ നിയമിക്കുന്നതിന് അനുമതി നൽകണമെന്നും സർവ്വകലാശാല അഭ്യർത്ഥിക്കുകയുണ്ടായി. വളരെ അനിവാര്യമായ തസ്തികകൾ മാത്രം ഉൾപ്പെടുത്തിയ, 10 അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇതിനായി സർവ്വകലാശാല ലഭ്യമാക്കുകയും ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് നടത്തിക്കൊണ്ടു പോകുന്നതിന്, സർവ്വകലാശാലയിൽ സ്ഥിരാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന 10 അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും, ടി തസ്തികകളിലേക്ക് അന്തർ സർവ്വകലാശാല മാറ്റം വഴിയോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ജീവനക്കാരെ പുനർവിന്യസിക്കുന്നതിനും അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്ഷൻ ഓഫീസർ | 5 |
| 2 | അസിസ്റ്റന്റ് രജിസ്ട്രാർ | 1 |
| 3 | ഡെപ്യൂട്ടി രജിസ്ട്രാർ | 1 |
| 4 | അസിസ്റ്റന്റ് | 2 |
| 5 | പ്രൊഫഷണൽ അസിസ്റ്റന്റ് | 1 |
| ആകെ | | 10 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ഷർമിള മേരി ജോസഫ്**

പ്രിൻസിപ്പൽ സെക്രട്ടറി

To

1. വൈസ് ചാൻസലർ, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല.
2. രജിസ്ട്രാർ, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല.
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്) , കേരളം, തിരുവനന്തപുരം.
5. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം. 2970, തീയതി 28/05/2025 പ്രകാരം)
6. ധനകാര്യ വകുപ്പ് (571681/വിദ്യാ-സി1/259/2017 തീയതി 03/01/2025)
7. www.highereducation.kerala.gov.in
8. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി ( B5/77/2022-HEDN)

ഉത്തരവിൻ പ്രകാരം

Signed by
Kumari Prameela S
Date: 26-06-2025 14:19:14

സെക്ഷൻ ഓഫീസർ

<u>പകർപ്പ്</u> :

ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്